# എന്നെ നിർഭയം വസിക്കുമാറാക്കുന്ന ദൈവം

## സങ്കീർത്തനം 34:4

"ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകലഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു."

തന്റെ ജീവിതത്തിൽ ഭയത്തിന്റെ വലിയ ഒരു കാലഘട്ടത്തിലൂടെ കഴിഞ്ഞു പോയവനായ ദാവീദിന്റെ ഒരു സാക്ഷ്യമാണ് നാം മേൽ വായിച്ച ദൈവവചന ഭാഗത്ത് കാണുന്നത്. തന്നെ അലട്ടിക്കൊണ്ടിരുന്നതായ ഭയത്തിനൊന്നും ദാവീദിനെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. കാരണം; ഉത്തരമരുളുന്നവനായ ഒരു ദൈവത്തോട് അവൻ അപേക്ഷിക്കുകയും, ആ ദൈവം ദാവീദിനെ അവന്റെ സകല ഭയങ്ങളിൽ നിന്നും വിടുവിക്കുകയും ചെയ്തു. ദൈവമക്കൾ ഉൾപ്പെടെയുള്ള സകല മനുഷ്യരെയും ഭയപ്പെടുത്തുന്ന ഒരു ചുറ്റുപാടിലാണ് നാം ഏവരും ഇന്ന് ജീവിക്കുന്നത്. ഭയം ഏവർക്കും ഉണ്ടാകാം, എന്നാൽ ആ ഭയം നമ്മെ കീഴ്പ്പെടുത്തുവാൻ നാം അനുവദിച്ചു കൂടാ. അതിനുള്ള ഒറ്റ പോംവഴി എന്നത് ദാവീദിനെപ്പോലെ ദൈവത്തോട് അപേക്ഷിക്കുക എന്നതത്രേ.

പ്രിയരേ ദൈവമക്കൾ ഭയത്തിനടിമപ്പെട്ട് ആകുലചിത്തരായി എക്കാലവും ആയിരിക്കുവാൻ നമ്മുടെ പ്രതിയോഗിയായ പിശാച് ഇഷ്ടപ്പെടുകയും അതിനായുള്ള കരുക്കൾ അവൻ നീക്കിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, ദൈവത്തോടു പ്രാർത്ഥിക്കുന്ന, അവനോടു അപേക്ഷിക്കുന്ന, അവന്റെ സന്നിധിയിൽ നിലവിളിക്കുന്ന തന്റെ മക്കളെ ഒരു കാരണവശാലും ഭയത്തിന്റെ ഉള്ളറകളിലേക്ക് എറിഞ്ഞു കൊടുക്കുവാൻ നാം സേവിക്കുന്ന നമ്മുടെ ദൈവം അനുവദിക്കില്ല. തന്നോടപേക്ഷിക്കുന്ന തന്റെ മക്കളുടെ ഒരു ഭയത്തിൽ നിന്നു മാത്രമല്ല പിന്നെയോ സകല ഭയങ്ങളിൽ നിന്നും അവൻ നമ്മെ വിടുവിക്കുന്നു. വചനഭാഗത്ത് 'എന്റെ സകലഭയങ്ങൾ' എന്ന പ്രയോഗത്തിൽ നമ്മുടെ മാനസീകവും, ശാരീരികവും, ഭൗതീകവും, ആത്മീകവും, കുടുംബപരവുമായ എല്ലാ ഭയങ്ങളേയും ഉൾപ്പെടുത്തുവാൻ കഴിയും.

സങ്കീർത്തനങ്ങളിൽ വ്യത്യസ്ത നിലകളിലുള്ള ഭയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. നമ്മെ വിഴുങ്ങുവാൻ പോകുന്ന മനുഷ്യർ നിമിത്തമുള്ള ഭയം, ശത്രുഭയം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ഭയം, രാത്രിയിലെ ഭയം, മരണഭയം എന്നിങ്ങനെ നീളുന്നു ആ നിര. എന്നാൽ ഈ വകയല്ലാത്ത മറ്റു പലവിധമായ ഭയങ്ങളിൽ കൂടിയും കടന്നു പോകുന്ന പലരും ഇന്ന് ഈ ധ്യാനചിന്തകൾ വായിക്കുന്നുണ്ടാവാം. ദൈവത്തിന്റെ

പരിശുദ്ധാത്മാവിനു ഇന്നു നമ്മോടെല്ലാവരോടുമായി പറയാനുള്ളത്, ഇന്നു നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ഏതുതരത്തിലുള്ള ഭയങ്ങളായിക്കൊള്ളട്ടെ അതിൽ നിന്നെല്ലാം നമ്മെ വിടുവിക്കുവാൻ നമ്മുടെ ദൈവം തയ്യാറായി നിൽക്കുന്നു. കർത്താവ് നമ്മോടു കൂടെയുണ്ടെങ്കിൽ ഭയക്കുവാൻ നമുക്കൊരു കാരണവുമില്ല. അവന്റെ കണ്ണ് നമ്മുടെ മീതെയുണ്ട്. അവന്റെ കരങ്ങൾ നമ്മുടെ മേലുണ്ട്. അവന്റെ ചെവി നമ്മുടെ പ്രാർത്ഥനക്ക് തുറന്നിരിക്കുന്നു, അവന്റെ കൃപ മതിയായത്, അവന്റെ വാഗ്ദത്തം മാറ്റമില്ലാത്തത്. ദാവീദിനൊപ്പം നമുക്കും പറയാം 'ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്'. ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥനയോടെ മുട്ടുമടക്കാം. നമ്മുടെ ജീവിതത്തിലെ സകലഭയങ്ങളിൽ നിന്നും അവൻ നമ്മെ വിടുവിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനം 27:1–3

യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോടു അടുക്കുമ്പോൾ ഇടറിവീഴും. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല. എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 188